**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 1993      04.05.2017 -ൽ മറുപടിക്ക്

# പൈതൃക പരിസ്ഥിതി വിനോദസഞ്ചാര മേഖലകൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ പൈതൃക പരിസ്ഥിതി വിനോദസഞ്ചാര മേഖലകളെ വികസിപ്പിക്കുന്നതിനും അതുവഴി ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) നിലവിൽ ഇത്തരമൊരു പദ്ധതി ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല. എന്നാൽ പൈതൃക പദ്ധതിയിൽ ഉൾപ്പെട്ട മുസിരിസ് പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. |
| ബി) കേരളത്തിലെ പൈതൃക പരിസ്ഥിതി വിനോദ സഞ്ചാരമേഖലകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; | ബി) മുസിരിസ് പൈതൃക പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായതിനെ തുടർന്ന് അതിന്റെ ഉദ്ഘാടനം 27.02.2016 ന് ബഹു. ഇന്ത്യൻ പ്രസിഡന്റ് നിർവ്വഹിക്കുകയുണ്ടായി. രണ്ടാം ഘട്ടം വികസന പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. തലശ്ശേരി പൈതൃക പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. ആലപ്പുഴ പൈതൃക പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടി ആരംഭിച്ച് കഴിഞ്ഞു. |
| സി) കേരളത്തിലെ പ്രധാന ഗുഹാക്ഷേത്രങ്ങളും പ്രസ്തുത ക്ഷേത്രങ്ങളിൽ വിനോദ | സി) ഗുഹാക്ഷേത്രങ്ങൾ ടൂറിസം വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. എന്നാൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിലേക്കായി ബ്രോഷറുകൾ മറ്റു പ്രചരണ ഉപാധികൾ |

| | |
|---|---|
| സഞ്ചാരികളെ ആകർഷിക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ; | എന്നിവ ഉൾപ്പെടുത്തി വിപണനം നടത്തി വരുന്നു. |
| ഡി) പൈതൃക പരിസ്ഥിതി വിനോദ സഞ്ചാര മേഖലകളിൽ ആവശ്യത്തിന് യാത്രാ സൗകര്യവും വിനോദസഞ്ചാരികൾക്ക് താമസിക്കുന്നതിനുവേണ്ട സൗകര്യങ്ങളും നടപ്പിലാക്കുമോ; ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ? | ഡി) പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ